പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3672

15.12.2014 ലെ മറുപടിയ്ക്ക്

**പാലോട് JNTBGRI യുടെ സാമ്പത്തിക ബാദ്ധ്യതകളും പ്രതിസന്ധിയും പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) പാലോട് JNTBGRI യുടെ പ്രവർത്തനങ്ങളും, അന്തർദേശീയ പ്രസക്തിയും വിശദമാക്കുമോ; ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; തസ്തികകളുടെ എണ്ണം, ഏതെല്ലാം തസ്തികകൾ, ജീവനക്കാരുടെ പ്രതിമാസ വേതനം എന്നിവ സംബന്ധിച്ച കണക്ക് അറിയിക്കുമോ; | (എ) പശ്ചി ഘട്ടത്തിലെ, പ്രത്യേകിച്ചും കേരള സംസ്ഥാനത്തിലെ സസ്യസമ്പത്തിനെപ്പറ്റിയുള്ള പഠനത്തിനും സുസ്ഥിര ഉപയോഗത്തിനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. ഈ രീതിയിൽ പ്രവർത്തിക്കുന്ന ഭാരതത്തിലെ ഏക സ്ഥാപനമാണിത്. കഴിഞ്ഞ 32 വർഷങ്ങളിലെ പ്രവർത്തനഫലമായി സ്ഥാപനം സുസ്ഥിര ഉപയോഗത്തിന്റെയും , നീതി പൂർവ്വമായ സാമ്പത്തിക ലാഭം പങ്കുവയ്ക്കലിന്റെയും കാര്യത്തിൽ അന്തർദേശീയ ശ്രദ്ധ പിടിച്ചു പറ്റിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>ജെ.എൻ.റ്റി.ബി.ജി.ആർ.ഐ -ൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ചുള്ള പട്ടികയും അവരുടെ പ്രതിമാസ വേതനവും **അനുബന്ധം A** ആയി ചേർക്കുന്നു. |
| (ബി) JNTBGRI യിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പട്ടികയും അവരുടെ തസ്തികയും വേതനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (ബി) ജെ.എൻ.റ്റി.ബി.ജി.ആർ.ഐ -ൽ താല്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ചുള്ള പട്ടികയും അവരുടെ പ്രതിമാസ വേതനവും **അനുബന്ധം B** ആയി ചേർക്കുന്നു. ഗാർഡന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ കാഷ്വൽ തൊഴിലാളികളെ പ്രവർത്തി പരിചയവും യോഗ്യതയും കണക്കിലെടുത്താണ് ആവശ്യമുള്ള സന്ദർഭങ്ങളിൽ നിയോഗിക്കാറുള്ളത്. ഇതിനായി പ്രത്യേകം മാനദണ്ഡങ്ങൾ ഒന്നും നിലവിലില്ല. |

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ശരാശരി എത്ര രൂപയാണ് ചെലവഴിക്കുന്നത്; സംസ്ഥാന ഗവൺമെന്റും കേന്ദ്ര സർക്കാരും ഓരോ വർഷവും എത്ര രൂപ വീതമാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(സി) JNTBGRI യുടെ പ്രവർത്തനങ്ങൾക്കായി പ്രതി വർഷം പദ്ധതി , പദ്ധതിയേതര ചിലവുകൾക്ക് മൊത്തമായി ശരാശരി 1500 ലക്ഷത്തിലധികം രൂപ ചിലവ് വരുന്നുണ്ട്. കഴിഞ്ഞ രണ്ട് സാമ്പത്തീക വർഷങ്ങളിൽ അതായത് 2012-2013 ഉം 2013-2014 വർഷങ്ങളിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായതും ചെലവായതുമായ തുകകൾ ചുവടെ നൽകുന്നു.

| Sl. No | Item | Year | Released Amount (in Lakhs) | Expenditure (In lakh) |
|---|---|---|---|---|
| 1. | Plan | 2012-13 | 720.00 | 513.89 |
| | | 2013-14 | 606.64 | 515.48 |
| 2. | Non Plan | 2012-13 | 634.00 | 754.37 |
| | | 2013-14 | 735.00 | 1035.84 |

കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും 2012-2013 സാമ്പത്തിക വർഷം 151 ലക്ഷം രൂപയും 2013-2014 ൽ 415 ലക്ഷം രൂപയും ഗവേഷണ പദ്ധതകളുടെ നടത്തിപ്പിനായി മാത്രം ലഭിച്ചിട്ടുണ്ട്. ഇത് പ്രത്യേകം പ്രോജക്ട് കോർഡിനേഷൻ സെൽ വഴിയാണ് ചിലവഴിക്കുന്നത്.

(ഡി)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം JNTBGRI – ൽ നിന്നും വിരമിച്ചവരും സ്ഥലംമാറി പോയവരും എത്രയാണ്; ഇവർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജെ.എൻ.റ്റി.ബി.ജി. ആർ.ഐ-ൽ നിന്നും 11 പേർ വിരമിക്കുകയും ഒരാൾ സ്ഥലം മാറിപ്പോവുകയും ചെയ്തിട്ടുണ്ട്.ഇവർക്ക് 59,21,932 രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

(ഇ) വിരമിച്ച ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക നൽകാനുണ്ടോ; എത്ര തുകയാണ് ഈ ഇനത്തിൽ കൊടുത്ത് തീർക്കാവാനുള്ളത്; ഇത് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ; ഇത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വിരമിച്ച ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക നൽകാനുണ്ട്. ശമ്പളകുടിശ്ശിക ഇനത്തിൽ 99190/- രൂപയും ടെർമിനൽ സറണ്ടർ ഇനത്തിൽ 41,55,778/- രൂപയും ഉണ്ട്. ആയത് നൽകുന്നതിനായി അധിക തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(എഫ്) ഇവിടുത്തെ ജീവനക്കാരുടെ ഇ.പി.എഫ് കുടിശ്ശിക എത്രയാണ്; എത്ര മാസത്തെ ഇ.പി.എഫ് ബാദ്ധ്യതയാണ് നിലവിലുള്ളത്; ഇ.പി.എഫ് ബാദ്ധ്യത ക്രമാതീതമായി വർദ്ധിക്കുന്നത് കാരണം ജീവനക്കാർക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഇവിടുത്തെ ജീവനക്കാർക്കായി ഇ.പി.എഫ് ബാദ്ധ്യത ഇനത്തിൽ 327.57 ലക്ഷം രൂപ കുടിശ്ശികയുണ്ട്. 2013 ജൂലൈ മുതൽ 2014 നവംമ്പർ വരെ 17 മാസത്തെ ഇ.പി.എഫ് ബാദ്ധ്യതയാണ് നിലവിലുള്ളത്. ഇ.പി.എഫ് ബാദ്ധ്യത തീർക്കുന്നതിന് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

(ജി)ഈ സ്ഥാപനത്തിന്റെ ഗ്രാറ്റുവിറ്റി ഫണ്ടിൽ അവശേഷിക്കുന്ന തുക എത്ര; ഗ്രാറ്റുവിറ്റി ഇനത്തിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് ഇപ്പോഴുള്ളത്; പ്രോജക്ട് കോ-ഓർഡിനേഷൻ സെല്ലിൽ (പി.സി.സി) നിന്നും എത്ര രൂപയാണ് കടമെടുത്തിട്ടുള്ളത്; ഇത് ഏതെല്ലാം കാര്യങ്ങളാണ് ഉപയോഗിച്ചത്; ഗവേഷണാവശ്യങ്ങൾക്കായി ഇതിൽ നിന്നും എത്ര തുക ചെലവാക്കി; ധനകാര്യ വകുപ്പിൽ നിന്നും അനുമതിയും സാമ്പത്തിക സഹായവും ലഭിക്കാത്ത എത്ര നിയമനങ്ങൾ ഇവിടെ നടത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും

(ജി) 1,14,77,000/- രൂപയോളം തുക ഗ്രാറ്റിവിറ്റി ഫണ്ടിൽ അവശേഷിക്കുന്നു. 340 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ അടയ്ക്കുവാനുണ്ട്. വിരമിച്ച ജീവനക്കാർക്ക് 49.85 ലക്ഷം രൂപ നൽകുവാനുണ്ട്. പ്രോജക്ട് കോർഡിനേഷൻ സെല്ലിൽ നിന്നും 70 ലക്ഷം രൂപ കടമെടുത്തിട്ടുണ്ട്. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനാണ് പ്രസ്തുത തുക ഉപയോഗിച്ചിട്ടുള്ളത്. ഗവേഷണ ആവശ്യങ്ങൾക്കായി തുക ഉപയോഗിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ സ്ഥിര നിയമനങ്ങൾ നടത്തിയിട്ടില്ല.

JNTBGRI – ൽ നിലവിലുള്ള ബാദ്ധ്യതകൾ താഴെ ചേർക്കുന്നു.

അറിയിക്കുമോ; JNTBGRI യിൽ ഇപ്പോൾ നിലവിലുള്ള ആകെ ബാദ്ധ്യതകൾ എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് നൽകുമോ; പ്രസ്തുത സാമ്പത്തിക ബാദ്ധ്യതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനും JNTBGRI യുടെ സുഗമമായ പ്രവർത്തനങ്ങൾക്കും ഉന്നമനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ?

| Sl. No | Liabilities | Rupees (in Lakhs) |
|---|---|---|
| 1. | Terminal Surrender | 44.16 |
| 2. | Pending Arrears | 34.38 |
| 3. | EPF( For remittance) | 327.57 |
| 4. | Loan from PCC | 70.00 |
| 5. | Gratuity (For Remittance to LIC) | 340.00 |
| | Total | **816.11** |

പദ്ധതിയേതര വിഹിതം നിലവിലുള്ള 824 ലക്ഷം രൂപയിൽ നിന്നും 11 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് JNTBGRI യിൽ നിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

അണ്ടർ സെക്രട്ടറി റ്റു ഗവൺമെന്റ്

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്